peaceradio
Tune to reality

# പീസ് റേഡിയോ

# അന്നൂർ

## ക്വുർആൻ പഠന പദ്ധതി

## മൊഡ്യുൾ – 1

### കോഴ്സ് വർക്ക് (1.1)

بسم الله الرحمن الرحيم

നമ്മുടെ നിത്യ ജീവിതത്തിൽ ഏറെ അനിവാര്യമായ കാര്യങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. നൽകപെട്ട ഭാഗങ്ങൾ പൂർണമായി വായിക്കുകയും പാഠമുൾകൊള്ളുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

## 1.1.1 തൗഹീദ്

ഇസ്ലാമിന്റെ അടിസ്ഥാന ആദർശം തൗഹീദാണ്. തൗഹീദ് അംഗീകരിക്കുന്നവർക്ക് മാത്രമാണ് പരലോക വിജയം. ആദം നബി (അ) മുതൽ മുഹമ്മദ് നബി (സ്വ) വരെയുള്ള അമ്പിയാക്കൾ ഈ ലോകത്തേക്ക് വന്നത് അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന് പഠിപ്പിക്കാൻ വേണ്ടിയാണ്. ഏകദൈവ വിശ്വാസം സ്വീകരി ക്കുന്നതിന്റെ മഹത്വം നബി (സ്വ) നമുക്ക് വിശദീകരിച്ച് തന്നിട്ടുണ്ട്. നബി (സ്വ) പറയുകയാണ്.

«مَن شهِدَ أن لا إلٰه إلا اللهُ وحدَهُ لا شريكَ له، وأنَّ محمداً عبدُهُ ورسولهُ، وأنَّ عِيسَى عَبْدُ اللهِ وَرَسُولُه وكَلِمَتُهُ ألقاها إِلى مَرْيَمَ وَرُوحٌ منه، والجنةُ حَقٌّ والنارُ حقٌّ، أدخَلَهُ اللهُ الجنةَ عَلَى مَا كانَ مِنَ العَمَلِ»

«അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അവന് യാതൊരു പങ്കുകാരുമി ല്ലെന്നും തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനും ആണെന്നും, തീർച്ചയായും ഈസാ അല്ലാഹുവിന്റെ ദാസനും ദൂതനും, മർയമിലേക്ക് അവൻ ഇട്ടു കൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരാത്മാവുമാണെന്നും, സ്വർഗ്ഗം സത്യമാണെന്നും, നരകം സത്യമാണെന്നും, ആര് സാക്ഷ്യംവഹിച്ചുവോ, അവനെ താൻ ചെയ്ത പ്രവർത്ത നങ്ങൾക്കനുസരിച്ചുള്ള (സ്വർഗ്ഗീയ പദവികളി ലായി) അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും (ബുഖാരി, മുസ്ലിം)

ഇമാം മുസ്ലിമിന്റെ മറ്റൊരു രിവായത്തിൽഇപ്രകാരമുണ്ട്:

«من أبوابِ الجنةِ الثمانيةِ أيُّها شاء»

സ്വർഗ്ഗത്തിന്റെ എട്ടു കവാടങ്ങളിൽ താനുദ്ദേശിക്കുന്നതിലൂടെ അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും (മുസ്ലിം)

ഇത്ബാൻ ﷺ വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെറസൂൽﷺ പറഞ്ഞു

«فَإِنّ الله حَرّمَ عَلَى النّارِ مَنْ قَالَ: لاَ إِلَهَ إِلاّ الله, يَبْتَغِي بِذَلِكَ وَجْهَ الله»

നിശ്ചയം അല്ലാഹു, 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞവരെ നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു; അതിലൂടെ അല്ലാഹുവിന്റെ വജ്ഹ് ആഗ്രഹിച്ചവരെ (ബുഖാരി, മുസ്ലിം)

## 1.1.2 ശിർക്ക്

ശിർക്ക് എന്ന് പറഞ്ഞാൽ തൗഹീദിന് വിപരീതമാണ്. മനുഷ്യൻ അല്ലാഹുവിന് സമന്മാരെ നിശ്ചയിക്കലാണ്. ഉപകാരം നേടുന്നതിനും ഉപദ്രവം പോക്കുന്നതിനും മനുഷ്യർ, അല്ലാഹുവിന് പുറമെ അവന്റെ സൃഷ്ടികളെ വിളിച്ചുതേടുന്നതും സഹായത്തേട്ടം നടത്തുന്നതും ആദികാല ജാഹിലിയ്യത്തിൽ വ്യാപകമായിരുന്ന വലിയ ശിർക്കിന്റെ ഇനങ്ങളിൽ ഒരിനമാകുന്നു. ഈ ശിർക്കിനെ ഇല്ലായ്മ ചെയ്യുവാനും, ജനങ്ങളെ ശർക്കിൽ നിന്ന് രക്ഷപ്പെടുത്തുവാനും, അല്ലാഹുവിന്റെ തൗഹീദിലേക്കും ആരാധനകളും ദുആയും അല്ലാഹുവിന് മാത്രമാക്കുന്നതലേക്കും ജനങ്ങളെ ഉൽബുദ്ധരാക്കുവാനുമാണ് അല്ലാഹു തന്റെ ദൂതന്മാരെ നിയോഗിച്ചത്. ശിർക്ക് അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപമാണ്. അല്ലാഹു പറയുന്നു (തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴി ച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആര് അല്ലാഹുവോട് പങ്കു ചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്. ) (വി.ക്വു. 4: 48)

## 1.1.3 പ്രാർത്ഥന അല്ലാഹുവോട് മാത്രം

അനായാസം നിർവ്വഹിക്കാവുന്ന കർമ്മമാണ് ദുആ. രാവിലും പകലിലും, കരയിലും കടലിലും വായുവിലും, നാട്ടിലും യാത്രയിലും, ആരോഗ്യാവസ്ഥയിലും രോഗാവ സ്ഥയിലും ജനത്തിരക്കിലും വിജനതയിലും, ദാരിദ്ര്യത്തിലും ഐശ്വര്യത്തിലും കർമ്മ നിരതനായാലും കർമ്മരഹിതനായാലും ഒരു പോലെ നിർവ്വഹിക്കാവുന്ന അതിശ്രേഷ്ഠമായ പുണ്യപ്രവൃത്തിയാണത്. ദുആ ചെയ്യുവാനുള്ള കൽപനയും ദുആയുടെ മര്യാദകളും അടങ്ങിയ വചനങ്ങൾ ധാരാളമാണ്.

peaceradio annoor QURAN LEARNING PROGRAMME

ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لَا يُحِبُّ الْمُعْتَدِينَ (أعراف: ٥٥)

താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവി നോട് പ്രാർത്ഥിക്കുക. (വി. ക്വു. 7: 55)

وَادْعُوهُ مُخْلِصِينَ لَهُ الدِّينَ كَمَا بَدَأَكُمْ تَعُودُونَ (أعراف: ٢٩)

ദുആ അല്ലാഹുവിനു മാത്രമാക്കി കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുവിൻ.(വി. ക്വു. 7: 29)

وَادْعُوهُ خَوْفًا وَطَمَعًا إِنَّ رَحْمَتَ اللَّهِ قَرِيبٌ مِنَ الْمُحْسِنِينَ (أعراف :٥٦)

ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും അല്ലാഹുവെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. (വി. ക്വു. 7: 56)

قُلْ مَا يَعْبَأُ بِكُمْ رَبِّي لَوْلَا دُعَاؤُكُمْ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا (الفرقان: ٧٧)

(നബിയേ,) പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾ ക്ക് എന്ത് പരിഗണന നൽകാനാണ്? (വി. ക്വു. 25: 77)

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ (غافر: ٦٠)

നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. (വി. ഖു. 40: 60)

സകരിയ്യാനബി عَلَيْهِ السَّلَامُ യുടെ പ്രാർത്ഥന നോക്കൂ,

وَلَمْ أَكُنْ بِدُعَائِكَ رَبِّ شَقِيًّا (مريم:٤)

എന്റെ റബ്ബേ, നിന്നോട് ദുആ ചെയ്തിട്ട് ഞാൻ ഭാഗ്യം കെട്ടവനാ യിട്ടില്ല. (വി. ഖു. 19: 4)

ഒരു വിശ്വാസി അല്ലാഹുവോട് പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥന നിഷ്ഫലമായി പോകില്ല. തന്നോട് തേടുന്നവർക്ക് അവൻ ഉത്തരമേകുമെന്നത് വിവിധ നിലകളിലാ യിരിക്കും. താഴെ വരും വിധം ഒരു തിരുമൊഴിയുണ്ട്.

''കുറ്റകരമായതു(തേടിക്കൊണ്ടോ) കുടുംബബന്ധം മുറിക്കുവാൻ (തേടി ക്കൊണ്ടോ) അല്ലാതെ ദുആയിരക്കുന്ന ഒരു മുസ്‌ലിമിന്, മൂന്നാൽ ഒരു കാര്യം അല്ലാഹു അയാൾക്ക് നൽകാതിരിക്കില്ല.. ഒന്നുകിൽ അയാൾ തേടിയത് പെട്ടെന്നു നൽകും. അല്ലെങ്കിൽ അതിനെ ആഖിറത്തിലേക്ക് എടുത്തുവെക്കും. അതുമ ല്ലെങ്കിൽ ആ ദുആക്ക് തുല്യമായ തിന്മ അല്ലാഹു അയാളിൽ നിന്ന് തടുക്കും.'

## 1.1.4 അല്ലാഹുവിൽ ഭരമേൽപ്പിക്കുക

എല്ലാ പ്രതിസന്ധികളിൽ നിന്നും നമ്മെ കരകയറ്റാൻ സാധിക്കുന്നവനാണ് നമ്മുടെ രക്ഷിതാവ് എന്ന ചിന്ത എപ്പോഴുമുണ്ടാകണം. അല്ലഹു പറയുന്നത് നോക്കൂ.

وَلَئِنْ سَأَلْتَهُمْ مَنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ اللَّهُ ۚ قُلْ أَفَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللَّهِ إِنْ أَرَادَنِيَ اللَّهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ أَوْ أَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ ۚ قُلْ حَسْبِيَ اللَّهُ ۖ عَلَيْهِ يَتَوَكَّلُ الْمُتَوَكِّلُونَ (٣٨)

ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം, തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവി നു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കി യിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്തുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കി ൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കംചെയ്യുവാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനു ഗ്രഹം പിടിച്ചുവെക്കുവാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു ഭരമേൽപ്പിക്കുന്നവർ ഭരമേൽപ്പിക്കുന്നത്.) (വി.ഖു.39: 38)

ഇംറാന് ഇബ്നു ഹുസൈ്വൻ ﷺ വിൽ നിന്ന് നിവേദനം: ‘‘നബി ﷺ ഒരാളെ കാണാനിടയായി; കയ്യിന്മേൽ പിച്ചള കൊണ്ടുള്ള ഒരു വളയമുള്ള നിലയിൽ. അപ്പോൾ നബി ﷺ ചോദിച്ചു: ഇതെന്താണ്? അയാൾ പറഞ്ഞു: തളർച്ച കാരണത്താ ലാണ്. അപ്പോൾ നബി ﷺ പറഞ്ഞു: അത് ഊരിയെറിയുക, അത് നിനക്ക് തളർച്ചയ ല്ലാതെ മറ്റൊന്നും വർദ്ധിപ്പിച്ചുതരില്ല. നിന്റെ ശരീരത്തിലത് ഉണ്ടായിരിക്കെ നീ മരിച്ചാൽ ഒരുകാലത്തും നീ വിജയിക്കുകയില്ല (മുസ്നദു അഹ്മദ്, സ്വഹീഹു ഇബ്നി ഹിബ്ബാൻ)

ഉക്ബത് ഇബ്നു ആമിർ ﷺ വിൽ  നിന്നും (നബി ﷺ പറഞ്ഞതായി) നിവേദനം: ആരെങ്കിലും ഒരു ഏലസ്സ് കെട്ടിയാൽ അല്ലാഹു അവന് പൂർത്തീകരിച്ച് കൊടുക്കാതിരിക്കട്ടെ. ആരെങ്കിലും ‘വദഅത്’(രക്ഷ) കെട്ടിയാൽ  അവന് അല്ലാഹു സമാധാന വും രക്ഷയും നൽകാതിരിക്കട്ടെ. (മുസ്നദു അഹ്മദ്, ഹാകിം.)

മറ്റൊരു റിപ്പോർട്ടിൽ: ആരെങ്കിലും വല്ല ഏലസ്സ് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തു, തീർച്ച. (മുസ്നദു അഹ്മദ്, ഹാകിം.)

പരലോകത്ത് വിജയികളാവാൻ അമ്പിയാക്കൾ കൊണ്ടു വന്ന ആദർശം സ്വീകരിക്കുകയും അവർ നിരോധിച്ച കാര്യങ്ങളിൽ നിന്ന് അകന്നു നിന്ന് ജീവിക്കുകയും വേണം. പുറമെ നമ്മുടെ വ്യക്തി ജീവിതത്തിൽ പാലിക്കേണ്ട മര്യാദകൾ  ഇസ്ലാം കൽപ്പിക്കുണ്ട്. അവ പഠിക്കുകയും പകർത്തുകയും ചെയ്യണം.
സുപ്രധാനമായ ചില മര്യാദകൾ ചുവടെ നിങ്ങൾ വായിക്കുക.

## 1.1.5 കുടുംബബന്ധം ചാർത്തണം

അബൂഹുറയ്റഃ ﷺ  നിവേദനം. നബി ﷺ പറഞ്ഞു:

**....وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَصِلْ رَحِمَهُ.....**

(...വല്ലവനും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ കുടുംബബന്ധം ചാർത്തട്ടെ...)) (ബുഖാരി)

അബൂഅയ്യൂബ് അൽഅൻസ്വാരി ﷺ യിൽ നിന്നും നിവേദനം:

((അല്ലാഹുവിന്റെ റസൂൽ ﷺ ഒരു യാത്രയിലായിരിക്കെ ഒരു അഅ്റാബി തിരുമേനി ﷺ യുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു, തുടർന്ന് അദ്ദേഹം അല്ലാഹുവിന്റെ റസൂലി ﷺ ന്റെ ഒട്ടകത്തിന്റെ കടിഞ്ഞാൺ അ ല്ലെങ്കിൽ മൂക്കുകയർ പിടിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, സ്വർഗത്തിലേക്ക് എന്നെ അടുപ്പിക്കുകയും നരകത്തിൽ നിന്ന് എന്നെ അകറ്റുകയും ചെയ്യുന്ന (കാര്യങ്ങളെ) താങ്കൾ എനിക്ക് അറിയിച്ചുതരിക. അപ്പോൾ നബി ﷺ (അദ്ദേഹത്തിനു മറുപടി പറയാതെ) വിട്ടൊഴിഞ്ഞ് തന്റെ സ്വഹാബികളിലേക്ക് നോക്കി. ശേഷം നബി ﷺ പറഞ്ഞു: തീർച്ചയായും അയാൾ തൗഫീക് നൽകപ്പെട്ടവനാണ് അല്ലെങ്കിൽ സന്മാർഗ്ഗം നൽകപ്പെട്ടവനാ

ണ്.) എന്നിട്ട് (നബിﷺ അദ്ദേഹത്തോടു) ചോദിച്ചു: താങ്കൾ എപ്രകാരമാണ് പറഞ്ഞത്? അപ്പോൾ അദ്ദേഹം പറഞ്ഞതു മടക്കിപ്പറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: ....നീ കുടുംബബന്ധം ചേർക്കുക. ഒട്ടകത്തെ വിടൂ.)) (ബുഖാരി, മുസ്‌ലിം)

➢ **കുടുംബക്കാരോട് നല്ലനിലയിൽ വർത്തിക്കണം**

وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَى (النساء: ٣٦)

അല്ലാഹുﷻ പറയുന്നു: നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തി ക്കുകയും ചെയ്യുക. ബന്ധുക്കളോടും... (വി. ഖു. 4:36)

➢ **കുടുംബബന്ധം മുറിക്കുന്നതിന്റെ ഗൗരവം**

ഖഥ്അം ഗോത്രത്തിലെ ഒരു വ്യക്തിയിൽ നിന്നും നിവേദ നം. അദ്ദേഹം പറഞ്ഞു:

قُلْتُ يَا رَسُولَ اللهِ ،أَيُّالأَعْمَالِأَبْغَضُإِلَى اللهِ؟ قال: الإِشْرَاكُ بِاللهِ قُلْتُ: يَارَسُولَاللهِ ثُمَّ مَن ؟ قَالَ : قَطِيعَةُالرَّحِمِ.

((ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന് ഏറ്റവും കോപമുണ്ടാക്കുന്ന പ്രവൃത്തികൾ ഏതാണ്? തിരുമേനിﷺ പ റഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കൽ. ഞാൻ ചോദിച്ചു: അല്ലാഹു വിന്റെ റസൂലേ, പിന്നെ ഏതാണ്? തിരുമേ നിﷺ പറഞ്ഞു: കുടും ബബന്ധം മുറിക്കൽ.))[1]

അബൂഹുറയ്റ رضي الله عنه യിൽ നിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

إِنَّ اللَّهَ خَلَقَ الْخَلْقَ. حَتَّىٰ إِذَا فَرَغَ مِنْهُمْ قَامَتِ الرَّحِمُ فَقَالَتْ: هٰذَا مَقَامُ الْعَائِذِ مِنَ الْقَطِيعَةِ. قَالَ: نَعَمْ. أَمَا تَرْضَيْنَ أَنْ أَصِلَ مَنْ وَصَلَكِ وَأَقْطَعَ مَنْ قَطَعَكِ ؟ قَالَتْ: بَلَىٰ. قَالَ: فَذَاكِ لَكِ ....

(അല്ലാഹു സൃഷ്ടികളെ പടച്ചു. അങ്ങനെ അതിൽ നിന്ന് വിരമിച്ചപ്പോൾ കുടുംബബന്ധം എഴുന്നേറ്റുനിന്നു കൊണ്ടു പറഞ്ഞു: കുടുംബബന്ധം മുറിക്കുന്നതിൽ നിന്നും നിന്നോട് രക്ഷതേടുന്നവന്റെ നിറുത്തമാണ് ഇത്. അല്ലാഹു പറഞ്ഞു: അതെ, നിന്നോടു ബന്ധംചേർക്കുന്നവനോട് ഞാൻ ബന്ധംചേർക്കുകയും നിന്നോടു ബന്ധംമുറിച്ചവനോട് ഞാൻ ബന്ധംമുറിക്കുക യും ചെയ്യുന്നതിൽ നീ തൃപ്തയല്ലേ? അതു പറഞ്ഞു: അതെ. അല്ലാഹുﷻ പറഞ്ഞു: അത് നിനക്കുണ്ട്..) (ബുഖാരി)

## 1.1.6 സൽസ്വഭാവം

സൽസ്വഭാവങ്ങൾ സ്വീകരിക്കുവാനുള്ള കൽപനകൾ പ്രമാണ വചനങ്ങളിൽ ഏറെയാണ്. പ്രസ്തുത സ്വഭാവങ്ങളുടെ പ്രാധാന്യമാണ് അത് അറിയിക്കുന്നത്.

[1] മുസ്നദുഅബൂയഅ്ലാ. **അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു.**

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنْكَرِ وَالْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ (النحل: ٩٠ )

നിശ്ചയം അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽനിന്നും ദുരാചാരത്തിൽനിന്നും അതിക്രമത്തിൽനിന്നുമാണ്. (വി.ഖു. 16: 90)

خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينَ (الأعراف: ١٩٩)

നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും, അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക.﴿(വി.ഖു.7:199)

സ്വഭാവങ്ങളും പ്രകൃതങ്ങളും പ്രകൃതിദത്തവും സർഗ സിദ്ധവുമെന്ന പോലെ ശീലിച്ചും അഭ്യസിച്ചും കാര്യകാരണങ്ങൾ എത്തിപ്പിടിച്ചും സമ്പാദിക്കാവുന്നതാണ്. പ്രമാണവചനങ്ങൾ ഈ വസ്തുതയറിയിക്കുന്നു. തിരുദൂതർ ﷺ പറഞ്ഞു:

إِنَّمَا الْعِلْمُ بِالتَّعَلُّمِ، وَإِنَّمَا الْحِلْمُ بِالتَّحَلُّمِ، مَنْ يَتَحَرَّى الْخَيْرَ يُعْطَهُ، وَمَنْ يَتَّقِ الشَّرَّ يُوقَهُ

''വിദ്യ അഭ്യസിച്ചുകൊണ്ടും വിവേകം സഹനം ശീലിച്ചു കൊണ്ടും മാത്രമാണ് നേടാനാവുക. വല്ലവനും നന്മ തേടിയാൽ അവനത് നൽകപ്പെടും. വല്ലവനും തിന്മ യെ സൂക്ഷിച്ചാൽ അവന് അതിൽ നിന്നു സുരക്ഷ നൽകപ്പെടും.''

അബൂദർറി ﷺ ൽ നിന്നും മുആദ് ഇബ്നുജബലി ﷺ ൽ നിന്നും നിവേദനം. നബിﷺ പറഞ്ഞു:

اتَّقِ اللَّهِ حَيْثُمَا كُنْتَ وَأَتْبِعْ السَّيِّئَةَ الْحَسَنَةَ تَمْحُهَا وَخَالِقِ النَّاسَ بِخُلُقٍ حَسَنٍ

''താങ്കൾ എവിടെയാണെങ്കിലും അല്ലാഹുവിൽ തക്വ്വയുള്ളവനാവുക. തിന്മയെ നന്മ കൊണ്ട് തുടർത്തുക; തിന്മയെ നന്മ മായ്ക്കും. ജനങ്ങളോടു നല്ല സ്വഭാവത്തി ൽ പെരുമാറുക.''[2]

➢ **സൽസ്വഭാവം സ്വർഗ പ്രവേശനത്തിന് ഹേതുകം**

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം:

عَنْ أَبِي هُرَيْرَةَ قَالَ سُئِلَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنْ أَكْثَرِ مَا يُدْخِلُ النَّاسَ الْجَنَّةَ فَقَالَ تَقْوَى اللَّهِ وَحُسْنُ الْخُلُقِ وَسُئِلَ عَنْ أَكْثَرِ مَا يُدْخِلُ النَّاسَ النَّارَ فَقَالَ الْفَمُ وَالْفَرْجُ

[2] സുനനുത്തുർമുദി. തുർമുദി ഹസനുൻസ്വഹീഹെന്ന് വിശേഷിപ്പിച്ചു.

‘‘ജനങ്ങളെ ഏറ്റവും കൂടുതൽ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണെന്ന് തിരുദൂതർﷺ ചോദിക്കപ്പെട്ടു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: ‘അല്ലാഹുവിലുള്ള തക്‌വയും സൽസ്വഭാവവും.’ ജനങ്ങളെ ഏറ്റവും കൂടുതൽ നരകത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണെന്ന് തിരുദൂതർ ﷺ ചോദിക്കപ്പെട്ടു. അപ്പോൾ തിരുമേനി ﷺ പ്രതികരിച്ചു: വായയും ഗുഹ്യാവയവവും.’’3

➢ **ഈമാൻ പൂർണമാണെന്നതിന്റെ തെളിവ്**

അബൂഹുറയ്റ ؓ യിൽ നിന്ന് നിവേദനം.നബിﷺ പറഞ്ഞു:

أَكْمَلُ الْمُؤْمِنِينَ إِيمَاناً أَحْسَنُهُمْ خُلُقاً وَخِيَارُكُمْ خِيَارُكُمْ لِنِسَائِهِمْ خُلُقاً

‘‘വിശ്വാസികളിൽ പരിപൂർണ്ണ ഈമാനുള്ളവർ അവരിൽ ഏറ്റവും നല്ല സ്വഭാവം ഉള്ളവരാണ്. നിങ്ങളിൽ നല്ലവർ തങ്ങളുടെ ഭാര്യമാരോട് സ്വഭാവം കൊണ്ട് നന്നായവരാണ്.’’4

➢ **തിരുദൂതരുടെ പ്രീതി നേടുന്നവർ**

ജാബിർ ഇബ്നുഅബ്ദില്ലؓയിൽ നിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു:

إِنَّ مِنْ أَحَبِّكُمْ إِلَيَّ وَأَقْرَبِكُمْ مِنِّي مَجْلِساً يَوْمَ القِيَامَةِ أَحَاسِنَكُمْ أَخْلَاقاً

‘‘നിശ്ചയം, അന്ത്യനാളിൽ നിങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരും എന്നോട് ഏറ്റവും അടുത്ത് ഇരിക്കുന്നവരും നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവക്കാരായിരിക്കും.’’5

➢ **പദവികൾ വർദ്ധിപ്പിക്കുവാൻ**

ആഇശാؓയിൽനിന്ന് നിവേദനം. തിരുനബിﷺ പറഞ്ഞു:

إِنَّ الرَّجُلَ لَيُدْرِكُ بِحُسْنِ خُلُقِهِ دَرَجَاتِ، قَائِمِ اللَّيْلِ صَائِمِ النَّهَارِ

‘‘ഒരു വ്യക്തി തന്റെ സൽസ്വഭാവത്തിലൂടെ രാത്രി നമസ്കരിക്കുന്നവന്റേയും പകൽ നോമ്പനുഷ്ഠിക്കുന്നവന്റേയും പദവികൾ നേടുന്നതാണ്.’’6
മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്:

إِنَّ الْمُؤْمِنَ لَيُدْرِكُ بِحُسْنِ خُلُقِهِ درجة الصَّائِمِ القَائِمِ

‘‘തീർച്ചയായും, ഒരു സത്യവിശ്വാസി തന്റെ സൽസ്വഭാവം കൊണ്ട് നോമ്പുകാരന്റെയും നമസ്കാരകാരന്റെയും പദവി കണ്ടെത്തുന്നതാണ്.’’7

---

[3]സുനനുത്തിർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.
[4]സുനനുത്തിർമുദി. തിർമുദി ഹസനെന്ന്വിശേഷിപ്പിച്ചു.
[5]സുനനുത്തിർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.
[6] മുസ്നദ്. അർനാഊത്വ് സ്വഹീഹുൻലിഗയ്രിഹീയെന്ന് വിശേഷിപ്പിച്ചു.
[7]സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

## 1.1.7 പരിചയപ്പെടുക, സഹവസിക്കുക

നുഅ്മാൻ ഇബ്നുബശീറിﷺൽ നിന്ന് നിവേദനം. തിരു ദൂതർ ﷺ പറഞ്ഞു:

مَثَلُ الْمُؤْمِنِينَ فِي تَوَادِّهِمْ وَتَرَاحُمِهِمْ وَتَعَاطُفِهِمْ مَثَلُ الْجَسَدِ إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى

''പരസ്പര സ്നേഹത്തിലും, വാത്സല്യത്തിലും, കാരുണ്യത്തിലും മുസ്‌ലിംകളുടെ ഉപമ ഒരു ശരീരത്തിന്റെ ഉപമയാണ്. ശരീരത്തിലെ ഒരു അവയവം രോഗബാധിതമായി വേവലാതിപ്പെടുമ്പോൾ മറ്റു ശരീരാവയവങ്ങൾ പനിപിടിച്ചും ഉറക്കമൊഴിഞ്ഞും രോഗബാധിതമായ അവയവത്തിനുവേണ്ടി പരസ്പരം നിലകൊള്ളും.'' (മുസ്‌ലിം)

## 1.1.8 അന്യോന്യം വിനയം കാണിക്കുക

ഇയാദ് ഇബ്നുഹിമാറിﷺൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

وَإِنَّ اللهَ أَوْحَى إِلَيَّ أَنْ تَوَاضَعُوا حَتَّى لَا يَفْخَرَ أَحَدٌ عَلَى أَحَدٍ وَلَا يَبْغ أَحَدٌ عَلَى أَحَدٍ

''നിങ്ങളിൽ ഒരാളും ഒരാളോടും ഗർവ്വു കാണിക്കാതിരുക്കുകയും ഒരാളും ഒരാളുടെ മേലും അതിക്രമം കാണിക്കാതിരിക്കുകയും ചെയ്യുവോളം നിങ്ങൾ അന്യോന്യം വിനയം കാണിക്കണമെന്ന് അല്ലാഹു എനിക്കു ബോധനം നൽകിയിരിക്കുന്നു.'' (മുസ്‌ലിം)

## 1.1.9 ബാധ്യതകൾ നിറവേറ്റുക

അബൂഹുറയ്റയിﷺൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

حَقُّ الْمُسْلِمِ عَلَى الْمُسْلِمِ خَمْسٌ رَدُّ السَّلَامِ وَعِيَادَةُ الْمَرِيضِ وَاتِّبَاعُ الْجَنَائِزِ وَإِجَابَةُ الدَّعْوَةِ وَتَشْمِيتُ الْعَاطِسِ

''ഒരു മുസ്‌ലിമിനു മറ്റൊരു മുസ്‌ലിമിനോട് ബാധ്യതയായി അഞ്ച് കാര്യങ്ങളുണ്ട്. സലാം മടക്കുക, രോഗിയെ സന്ദർശിക്കുക, ജനാസഃയെ പിന്തുടരുക, ക്ഷണത്തിനു ഉത്തരമേകുക, തുമ്മിയവനെ തശ്മീത്തു ചെയ്യുക.'' (ബുഖാരി)
മറ്റൊരു നിവേദനത്തിൽ:

## 1.1.10 സലാം വ്യാപിപ്പിക്കൽ

അബൂഹുറയ്റയിﷺൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

وَالَّذِي نَفْسِي بِيَدِهِ لاَ تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلاَ تُؤْمِنُوا حَتَّى تَحَابُّوا أَوَلاَ أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ؟ أَفْشُوا السَّلاَمَ بَيْنَكُمْ

‘‘എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം, നിങ്ങൾ വിശ്വാസികൾ ആകുന്നതുവരെ നിങ്ങളാരും സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. നിങ്ങൾ പ്രാവർത്തികമാക്കിയാൽ നിങ്ങൾക്കു പരസ്പരം സ്നേഹിക്കാവുന്ന ഒരു സംഗതി ഞാൻ അറിയിച്ചുതരട്ടെയൊ? നിങ്ങൾ നിങ്ങൾ ക്കിടയിൽ സലാം വ്യാപിപ്പി ക്കുക.’’(മുസ്ലിം)

## 1.1.11 മൃദുലമായ സംസാരം, മാന്യമായ ഭാഷണം

വിശുദ്ധ ക്വുർആൻപറയുന്നു:

وَقُلْ لِعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ إِنَّ الشَّيْطَانَ يَنْزَغُ بَيْنَهُمْ إِنَّ الشَّيْطَانَ كَانَ لِلْإِنْسَانِ عَدُوًّا مُبِينًا (٥٣)

നീ എന്റെ ദാസന്മാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരി ക്കണമെന്ന്. തീർച്ചയായും പിശാച് അവർക്കിടയിൽ (കുഴപ്പം) ഇളക്കി വിടുന്നു. തീർച്ചയായും പിശാച് മനുഷ്യന്ന് പ്രത്യക്ഷ ശത്രുവാകുന്നു. (വി. ക്വു.17: 53)

## 1.1.12 തന്നേക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം കൽപിക്കുക

തന്നേക്കാൾ മറ്റുള്ളവർക്ക് പ്രാമുഖ്യം കൽപിക്കുന്ന തിരു ദൂതരുﷺടേയും അനുചരന്മാരുടേയും മഹനീയ മാതൃകകൾ ധാരാളമാണ്. സഹ്ൽ ഇബ്നു സഅദി ﷺ ൽ നിന്ന് നിവേദനം:

جَاءَتْ امْرَأَةٌ بِبُرْدَةٍ قَالَ أَتَدْرُونَ مَا الْبُرْدَةُ فَقِيلَ لَهُ نَعَمْ هِيَ الشَّمْلَةُ مَنْسُوجٌ فِي حَاشِيَتِهَا قَالَتْ يَا رَسُولَ اللَّهِ إِنِّي نَسَجْتُ هَذِهِ بِيَدِي أَكْسُوكَهَا فَأَخَذَهَا النَّبِيُّ ﷺ مُحْتَاجًا إِلَيْهَا فَخَرَجَ إِلَيْنَا وَإِنَّهَا إِزَارُهُ فَقَالَ رَجُلٌ مِنْ الْقَوْمِ يَا رَسُولَ اللَّهِ اكْسُنِيهَا فَقَالَ نَعَمْ فَجَلَسَ النَّبِيُّ ﷺ فِي الْمَجْلِسِ ثُمَّ رَجَعَ فَطَوَاهَا ثُمَّ أَرْسَلَ بِهَا إِلَيْهِ فَقَالَ لَهُ الْقَوْمُ مَا أَحْسَنْتَ سَأَلْتَهَا إِيَّاهُ لَقَدْ عَلِمْتَ أَنَّهُ لَا يَرُدُّ سَائِلًا فَقَالَ الرَّجُلُ وَاللَّهِ مَا سَأَلْتُهُ إِلَّا لِتَكُونَ كَفَنِي يَوْمَ أَمُوتُ قَالَ سَهْلٌ فَكَانَتْ كَفَنَهُ

‘‘ഒരു മഹതി ഒരു ബുർദഃയുമായി വന്നു. സഹ്ൽ ചോദിച്ചു: ബുർദഃ എന്താണെന്ന് നിങ്ങൾക്കറിയുമോ? അദ്ദേഹത്തോട് പറയപ്പെട്ടു: കരയിൽ നെയ്തുള്ള ഒരു വസ്ത്രമാണത്. ആ മഹതി പറഞ്ഞു: അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങയെ ധരിപ്പിക്കുവാൻ എന്റെ കൈ കൊണ്ട് ഞാൻ ഇത് നെയ്തുണ്ടാക്കിയിരിക്കുന്നു. അതിന് ആവശ്യക്കാരനെന്ന നിലക്ക് തിരുമേനിﷺ അത് സ്വീകരിച്ചു. അത് ഉടുമു ണ്ടായി ധരിച്ചുകൊണ്ട് തിരുമേനിﷺ ഞങ്ങളുടെ അടുത്തേക്ക് വന്നു. അപ്പോൾ ജനങ്ങളിൽ ഒരാൾ പറഞ്ഞു: തിരുദൂതരേ, അത് എനിക്ക് ധരിപ്പിച്ചാലും. തിരുമേനി ﷺ പറഞ്ഞു: അതെ. തിരുമേനി ﷺ സദസ്സിൽ ഇരുന്നു. ശേഷം തിരുമേനി ﷺ മടങ്ങു കയും ആ തുണി മടക്കി ആ വ്യക്തിക്ക് കൊടുത്തയക്കുകയും ചെയ്തു. ആളുകൾ അയാളോട് പറഞ്ഞു: താങ്കൾ ചെയ്തത് ശരിയായില്ല. ചോദിക്കുന്നവനെ തിരുമേ

നിﷺ വെറുതെ മടക്കില്ലെന്ന് അറിയാമായിരുന്നിട്ടും തിരുമേനിﷺയോട് താങ്കളത് ചോദിച്ചു. അയാൾ പറഞ്ഞു: അല്ലാഹുവാണേ സത്യം, ഞാൻ മരിക്കുന്ന ദിവസം എന്റെ കഫൻ തുണിയാകുവാൻ മാത്രമാണ് അത് ഞാൻ ചോദിച്ചത്. സഹ്ൽ പറയുന്നു: അങ്ങനെ അതായിരുന്നു അയാളുടെ കഫൻ തുണി.'' (ബുഖാരി)

## 1.1.13 ബിർറ് (പുണ്യ പ്രവൃത്തി)

ബിർറ് എന്തെന്നു വിശദീകരിച്ച് തിരുനബിﷺ പറഞ്ഞു:

الْبِرُّ حُسْنُ الْخُلُقِ، وَالْإِثْمُ مَا حَاكَ فِي صَدْرِكَ، وَكَرِهْتَ أَنْ يَطَّلِعَ عَلَيْهِ النَّاسُ

''സൽസ്വഭാവമാകുന്നു ബിർറ്. നിന്റെ മനസ്സിന് ചൊറിച്ചിലുണ്ടാക്കുകയും ജനങ്ങൾ നോക്കിക്കാണുന്നത് നിനക്ക് അനിഷ്ടകരമാവുകയും ചെയ്യുന്നത് പാപവും.''(ബുഖാരി)

വാബിസ്വഃ ഇബ്നു മഅ്ബദ്ﷺ പറഞ്ഞു: ഞാൻ തിരുദൂതരുﷺടെ അടുക്കൽ ചെന്നു. തിരുമേനിﷺ ചോദിച്ചു:

جِئْتَ تَسْأَلُنِي عَنِ الْبِرِّ وَالْإِثْمِ؟ قُلْتُ: نَعَمْ......قَالَ: اسْتَفْتِ نَفْسَكَ. الْبِرُّ مَا اطْمَأَنَّتْ إِلَيْهِ النَّفْسُ، الْبِرُّ مَا اطْمَأَنَّ إِلَيْهِ الْقَلْبُ.

''താങ്കൾ ബിർറിനെ കുറിച്ചും പാപത്തെ കുറിച്ചും ചോദിക്കുവാനാണോ വന്നിരിക്കുന്നത്? ഞാൻ പറഞ്ഞു: അതെ. തിരുമേനി ﷺ പറഞ്ഞു: താങ്കളുടെ മനസ്സിനോട് വിധി ചോദിക്കുക. മനസ്സ് സമാധാനമടഞ്ഞതേതോ അതാണ് ബിർറ്. ഹൃദയം ശാന്തി കണ്ടതുമാണ് ബിർറ്.''8

## 1.1.14 മുഖപ്രസന്നത

അബൂദർറിൽ ഗിഫാരി ﷺ യിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. തിരുനബിﷺ എന്നോടു പറഞ്ഞു:

لاَ تَحْقِرَنَّ مِنَ الـمَعْرُوفِ شَيْئاً، وَلَوْ أَنْ تَلْقَى أَخَاكَ بِوَجْهٍ طَلْقٍ

''നന്മയിൽ യാതൊന്നും താങ്കൾ നിസാരവൽകരിക്കരുത്; താങ്കളുടെ സഹോദരനെ മുഖപ്രസന്നതയിൽ കണ്ടുമുട്ടുന്നതായാൽ പോലും.'' (മുസ്‌ലിം)
മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്:

تَبَسُّمُكَ فِي وَجْهِ أَخِيكَ لَكَ صَدَقَةٌ......

''നിന്റെ സഹോദരന്റെ മുഖത്തു(നോക്കിയുള്ള) നിന്റെ പുഞ്ചിരി നിനക്കു സ്വദഖഃയാണ്.....''9

---

[8] മുസ്നദു അഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.
[9] സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

peacemedia annoor QURAN LEARNING PROGRAMME

ജാബിറി ﷺയിൽ നിന്നുള്ള നിവേദനത്തിൽ ഇപ്രകാരമാണുള്ളത്:

كُلُّ مَعْرُوفٍ صَدَقَةٌ وَإِنَّ مِنْ الْمَعْرُوفِ أَنْ تَلْقَى أَخَاكَ بِوَجْهٍ طَلْقٍ

''എല്ലാ നന്മയും സ്വദകഃയാകുന്നു. നിശ്ചയം താങ്കളുടെ സഹോദരനെ മുഖപ്രസന്നതയിൽ കണ്ടുമുട്ടുന്നത് നന്മയിൽപെട്ടതാകുന്നു.''10

## 1.1.15 സ്വലാത്തിന്റെ മഹത്വങ്ങൾ

ഇമാം മുസ്ലിം അബൂഹുറയ്റ ﷺയിൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീഥ് അതിൽ പെട്ടതാണ്:

مَنْ صَلَّى عَلَيَّ وَاحِدَةً صَلَّى اللهُ عَلَيْهِ عَشْرًا

((വല്ലവനും എന്റെമേൽ ഒരു സ്വലാത്തുചൊല്ലിയാൽ അല്ലാഹു അവനു പത്തു സ്വലാത്ത് നിർവ്വഹിക്കും.))

അബൂബജക്ത്വ ﷺയിൽ നിന്നുള്ള നിവേദനത്തിൽ ഇപ്രകാരമുണ്ട്:

مَنْ صَلَّى عَلَيَّ مِنْ أُمَّتِيمُخْلِصًا مِنْ قَلْبِهِ، صَلَّى اللهُ عَلَيْهِ بِهَا عَشْرَ صَلَوَاتٍ وَرَفَعَهُ بِهَا عَشْرَ دَرَجَاتٍوَكَتَبَ لَهُ بِهَا عَشْرَ حَسَنَاتٍ وَمَحَا عَنْهُ عَشْرَ سَيِّئَاتٍ

(എന്റെ ഉമ്മത്തികളിൽ വല്ലവനും ഹൃദയത്തിൽതട്ടി നിഷ്കളങ്കമായി എന്റെ മേൽ സ്വലാത്തുചൊല്ലിയാൽ, അതുകാരണ ത്താൽ അല്ലാഹു അവനു പത്തു സ്വലാത്ത് നിർവ്വഹിക്കുക യും അവനു പത്തു പദവികൾ ഉയർത്തുകയും പത്തു പുണ്യങ്ങൾ രേഖപ്പെടുത്തുകയും പത്തു തിന്മകൾ മായ്ക്കുകയും ചെയ്യും.))

സ്വലാത്തിന്റെ മഹത്വമറിയിക്കുന്ന മറ്റൊരു ഹദീഥാണ് ഇബ്നുമസ്ഊദി ﷺൽനിന്ന് നിവേദനം ചെയ്യപ്പെടുന്നത്:

إِنَّ أَوْلَى النَّاسِ بِي يَوْمَ الْقِيَامَةِ, أَكْثَرُهُمْ عَلَيَّ صَلَاةً

((അന്ത്യനാളിൽ എന്നോട് ഏറ്റവും കടപ്പെട്ടവൻ എന്റെമേൽ സ്വലാത്തിനെ വർദ്ധിപ്പിക്കുന്നവരാണ്.)) ഈ ഹദീഥിനെ ഇമാം തുർമുദി ഹസനെന്നും ഇബ്നുഹിബ്ബാൻ സ്വഹീഹെന്നും വിശേഷിപ്പിച്ചു.

## 1.1.16 നരകം വാഗ്ദാനം ചെയ്യപ്പെട്ട പാപങ്ങൾ.

വിശ്വാസിയുടെ തേട്ടമാണ് നരകമോചനം. മനുഷ്യനെ നരകത്തിലെത്തിക്കുന്ന പ്രവർത്തനങ്ങളെ മുഹമ്മദ് നബി (സ്വ) വിശദീകരിച്ചു തന്നിട്ടുണ്ട്. ഏതാനും ചില കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

10 സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

## 1.1.17 ചതിയും കുതന്ത്രവും

ഇബ്നുമസ്ഊദിؓൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

(( وَالْمَكْرُ وَالْخَدِيعَةُ فِي النَّارِ ))

കുതന്ത്രങ്ങളും ചതിപ്രയോഗങ്ങളും നരകാഗ്നിയിലാണ്11

## 1.1.18 ഹറാമായത് ഭക്ഷിക്കൽ

അബൂബകറി ؓൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

( كُلُّ لَحْمٍ نَبَتَ مِنْ سُحْتٍ فَالنَّارُ أَوْلَى بِهِ )

«നിഷിദ്ധ സമ്പാദ്യത്തിലൂടെ വളരുന്ന മാംസത്തിന് ഏറ്റവും അർഹമായത് നരകമാണ്» 12

peaceradio annoor

## 1.1.19 പുരുഷൻ വസ്ത്രം വലിച്ചിഴക്കൽ

സമുറഃؓയിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

( مَا تَحْتَ الْكَعْبَيْنِ مِنَ الْإِزَارِ فَفِي النَّارِ )

«രണ്ട് ഞെരിയാണികൾക്ക് താഴെയുള്ള തുണിയുടെ ഭാഗം നരകത്തിലാണ്» 13

---

11 മറാസീലുഅബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.
12 ത്വബറാനി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.
13 അൽബാനിയുടെ